## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: T.3682 — 15.07.2015-ൽ മറുപടിയ്ക്ക്

### പട്ടികജാതി -ഗോത്ര കമ്മീഷൻ

ചോദ്യം
ശ്രീ.വി.ശശി

മറുപടി
ശ്രീ.എ.പി.അനിൽകുമാർ
(പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | പട്ടികജാതി-ഗോത്ര കമ്മീഷൻ അംഗങ്ങൾ 2013, 2014, 2015 വർഷങ്ങളിൽ ഏതെല്ലാം സ്ഥലങ്ങൾ സന്ദർശിച്ച് എത്ര പരാതികൾ സ്വീകരിച്ചിട്ടുണ്ടെന്നും അവയുടെ വിശദാംശവും വെളിപ്പെടുത്തുമോ; ഇത്തരത്തിൽ കമ്മീഷൻ സ്വീകരിച്ച പരാതികളുടെ പകർപ്പ് ലഭ്യമാക്കാമോ; | എ) | പട്ടികജാതി പട്ടികഗോത്രവർഗ്ഗ കമ്മീഷൻ 2013, 2014, 2015 വർഷങ്ങളിൽ കമ്മീഷന്റെ പരിഗണനയിലുള്ള പരാതികൾ തീർപ്പാക്കുന്നതിനും പുതിയ പരാതികൾ സ്വീകരിക്കുന്നതിലേക്കുമായി സംസ്ഥാനത്തെ വിവിധ ജില്ലകളിൽ പല സ്ഥലങ്ങളിലായി പരാതി പരിഹാര അദാലത്തുകൾ സംഘടിപ്പിച്ചിട്ടുണ്ട്. അദാലത്തുകളിൽ ലഭിക്കുന്ന പരാതികൾ കമ്മീഷൻ പ്രത്യേകമായി വേർതിരിച്ചിട്ടില്ല. പ്രതിദിനം ലഭിക്കുന്ന പരാതികളും, അദാലത്തുകളിൽ ലഭിക്കുന്ന പരാതികളും ഒരുമിച്ച് ജില്ലാ അടിസ്ഥാനത്തിൽ വിചാരണക്ക് എടുത്ത് തീർപ്പ് കൽപ്പിക്കുകയാണ് പതിവ്. ഇപ്രകാരം ലഭിച്ചിട്ടുള്ള പതിനായിരത്തോളം പരാതികളുടെ പകർപ്പ് ലഭ്യമാക്കുക പ്രായോഗികമല്ല. |
| ബി) | പ്രസ്തുത പരാതികളിലുന്മേൽ സ്വീകരിച്ച നടപടികളും കമ്മീഷൻ തയ്യാറാക്കിയ റിപ്പോർട്ടുകളുടെ പകർപ്പും ലഭ്യമാക്കാമോ; | ബി) | പരാതികളുടെ സ്വഭാവവും പൊതു താല്പര്യവും പരിഗണിച്ച് പ്രത്യേക വിചാരണ നടത്തി തെളിവ് സ്വീകരിച്ച് ഉത്തരവുകൾ പുറപ്പെടുവിക്കുകയാണ് പതിവ്. |

| | | | |
|---|---|---|---|
| സി) | കോട്ടയം മൂന്നിലാവിലെ ക്വാറികൾക്കെതിരെയും, ആലപ്പുഴ ജില്ലയിലെ കാർത്തികപള്ളിയിൽ ഹാച്ചറി സ്ഥാപിക്കുന്നതിനെതിരെയുള്ള പരാതികളും അസീസിയ മെഡിക്കൽ കോളേജിലെ വിദ്യാർത്ഥിയുടെ പരാതിയും കമ്മീഷന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഓരോ പരാതിയിന്മേലും തയ്യാറാക്കിയ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ? | സി) | പരാതികൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത പരാതികളിൽ കമ്മീഷൻ റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ